# പതിമൂന്നാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3084 — 15.12.2015 ൽ മറുപടിയ്ക്ക്

### സപ്ലൈകോ ഔട്ട് ലെറ്റുകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. റ്റി.യു കുരുവിള<br>ശ്രീ. തോമസ് ഉണ്ണിയാടൻ<br>ശ്രീ. മോൻസ് ജോസഫ്<br>ശ്രീ. സി.എഫ്. തോമസ് | ശ്രീ. അനൂപ് ജേക്കബ്<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| (എ) സപ്ലൈകോ ഔട്ട് ലെറ്റുകളിൽ നിത്യോപയോഗ സാധനങ്ങൾ ആവശ്യത്തിന് ലഭ്യമാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചു ; വ്യക്തമാക്കുമോ? | (എ) എല്ലാ മാവേലി സ്റ്റോറുകളിലും അവശ്യ സാധനങ്ങളുടെ ലഭ്യത ഉറപ്പു വരുത്തുന്നതിനായി സപ്ലൈകോ താഴെപ്പറയുന്ന നടപടികൾ എടുത്തിട്ടുണ്ട്.<br>1) കൂടുതൽ നിത്യോപയോഗ സാധനങ്ങൾ ശേഖരിക്കുന്നതിനായി 500 ച. അടിയെങ്കിലും വിസ്തീർണ്ണമുള്ള സൗകര്യപ്രദമായ കെട്ടിടങ്ങളിലാണ് പുതിയ മാവേലി സ്റ്റോറുകൾ അനുവദിക്കുന്നത്. സ്ഥല ക്കുറവുള്ള മാവേലി സ്റ്റോറുകളിലും, സൂപ്പർ മാർക്കറ്റുകളിലും കൂടുതൽ സ്ഥല സൗകര്യം ലഭ്യമാക്കുന്നതിന് നിർദ്ദേശങ്ങൾ നൽകി നടപ്പിലാക്കി വരുന്നു.<br>2) സ്ഥല സൗകര്യം കുറഞ്ഞ വിൽപ്പനശാലകളിലേയ്ക്ക് കൂടുതൽ പ്രാവശ്യം സാധനങ്ങൾ എത്തിച്ചുകൊടുക്കുന്നു.<br>3) മുൻ മാസങ്ങളിലെ വിൽപ്പന, കഴിഞ്ഞവർഷം ഇതേ മാസങ്ങളിലെ വിൽപ്പന, ഉത്സവ സീസൺ മുതലായവ കണക്കിലെടുത്ത് എല്ലാ വിൽപ്പന ശാലകളിലും ആവശ്യത്തിന് അവശ്യ സാധനങ്ങൾ എത്തിച്ചു കൊടുക്കുവാൻ എല്ലാ ഡിപ്പോകൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.<br>4) സപ്ലൈകോയുടെ വാഹനങ്ങൾ ലഭ്യമല്ലാത്ത സന്ദർഭങ്ങളിൽ സ്വകാര്യ വാഹനങ്ങൾ ഉപയോഗപ്പെടുത്തിയും അവശ്യ സാധനങ്ങൾ എത്രയും വേഗം വിൽപ്പന ശാലകളിലെത്തിക്കാൻ എല്ലാ ഡിപ്പോ മാനേജർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.<br>5) കൂടാതെ എസ്. പി തലത്തിലുള്ള ഉദ്യോഗസ്ഥൻ (വിജിലൻസ് ഓഫീസർ) മാവേലി സ്റ്റോറുകളിൽ മിന്നൽ പരിശോധന നടത്തി അവശ്യ സാധനങ്ങൾ ആവശ്യാനുസരണം ഉണ്ട് എന്ന് ഉറപ്പ് വരുത്താറുണ്ട്.<br>6) സബ്സിഡി സാധനങ്ങൾ സപ്ലൈകോയുടെ എല്ലാ വിൽപ്പനശാലകളിലും ആവശ്യത്തിന് ലഭ്യമാക്കുവാനുള്ള എല്ലാ നടപടികളും സ്വീകരിച്ചിട്ടുണ്ട്. കൂടാതെ പൊതുജനങ്ങൾക്ക് സബ്സിഡി സാധനങ്ങൾ കൃത്യമായി ലഭിക്കുന്നു എന്ന് ഉറപ്പാക്കാൻ എല്ലാ മാവേലി സൂപ്പർ മാർക്കറ്റ് തലത്തിലും ഓരോ ഔട്ട് ലെറ്റും കേന്ദ്രീകരിച്ച് സാമൂഹിക പ്രവർത്തകരും |

ജനപ്രതിനിധികളും സപ്ലൈകോയുടെ ഉദ്യോഗസ്ഥരും ഉൾപ്പെട്ട ഉപഭോക്തൃ കമ്മിറ്റികൾ രൂപീകരിച്ച് പൊതുജനങ്ങൾക്ക് അവിടെ പരാതി അറിയിക്കാനും പരിഹരിക്കാനുമുള്ള സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.

7) ആവശ്യമായ സമയങ്ങളിൽ ഒരു ഡിപ്പോയിൽ നിന്ന് മറ്റ് ഡിപ്പോകളിലേയ്ക്കും സാധനങ്ങൾ എത്തിച്ചു കൊടുക്കാനുള്ള നിർദ്ദേശം എല്ലാ മേഖലാ മാനേജർമാർക്കും നൽകിയിട്ടുണ്ട്.

ഇത്തരത്തിൽ വിപണിയിൽ കുറഞ്ഞ വിലയ്ക്ക് സ്റ്റോക്ക് എത്തിച്ച് വില വർദ്ധന ഉണ്ടാകാവുന്ന എല്ലാ സാഹചര്യങ്ങളും ഒഴിവാക്കുന്നതിനുള്ള നടപടികൾ തുടർന്നു വരുന്നുണ്ട്.

Beena

സെക്ഷൻ ഓഫീസർ